## കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ,തൃശ്ശൂർ ജില്ല

**പ്രവചന കാലയളവ് 24.12.2022 മുതൽ 28.12.2022 വരെ**

**വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ**
**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും**
**ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്**

| എ എ എസ് ബുള്ളറ്റിൻ നമ്പർ 51/2022,(102) വെള്ളിയാഴ്ച | തീയ്യതി 23/12/2022 |
|---|---|

### 1. കഴിഞ്ഞ ആഴ്ചയിലെ അന്തരീക്ഷസ്ഥിതി:

| മഴ (മി.മി) | ഉയർന്ന താപനില (°C) | കുറഞ്ഞ താപനില (°C) | കൂടിയ അന്തരീക്ഷ ആർദ്രത (%) | കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | കാറ്റിന്റെ വേഗത (കിലോമീറ്റർ/ മണിക്കൂർ) | സൂര്യപ്രകാശ ത്തിന്റെ അളവ് (മണിക്കൂർ) | ബാഷ്പീകരണം (മി.മി) |
|---|---|---|---|---|---|---|---|
| ( 0.0) | (31.9-33.4) | (21.1-24.2) | (57-81) | (26-52) | (1.6-5.1) | (3.4-9.8) | (3.5-5.2) |

### 2. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം :

| കാലാവസ്ഥാ ഘടകങ്ങൾ | 24.12.2022 | 25.12.2022 | 26.12.2022 | 27.12.2022 | 28.12.2022 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ) | 0 | 0 | 0.1 | 1 | 2 |
| ഉയർന്ന താപനില (°C) | 35 | 32 | 32 | 32 | 32 |
| കുറഞ്ഞ താപനില (°C) | 19 | 22 | 22 | 22 | 22 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 65 | 65 | 65 | 65 | 65 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 40 | 40 | 40 | 40 | 40 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 3 | 3 | 3 | 3 | 3 |
| കാറ്റിന്റെ ദിശ (ഡിഗ്രി ) | 20 | 20 | 20 | 20 | 20 |
| മേഘ വ്യാപ്തി (ഒക്ടാ ) | 5 | 4 | 5 | 6 | 6 |

കാലാവസ്ഥാ അറിയിപ്പ് . ജില്ലയിൽ വളരെ നേരിയ തോതിൽ മഴയ്ക്കു സാധ്യത. കേരളത്തിൽ ശരാശരിയേക്കാൾ കൂടുതൽ മഴയ്ക്ക് സാധ്യത.

**അടുത്ത് അഞ്ച് ദിവസത്തേക്കുള്ള മഴയുടെ പ്രവചനം**

| 2022 ഡിസംബർ 24 | 2022 ഡിസംബർ 25 | 2022 ഡിസംബർ 26 | 2022 ഡിസംബർ 27 | 2022 ഡിസംബർ 28 |
|---|---|---|---|---|
| മഴ ഇല്ല | മഴ ഇല്ല | വളരെ നേരിയ മഴ | വളരെ നേരിയ മഴ | വളരെ നേരിയ മഴ |

### 3. വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും

പൊതുനിർദേശങ്ങൾ:കാർഷികവിളകളിൽ രോഗകീടങ്ങളുടെ ആക്രമണം നിയന്ത്രിക്കുന്നതിനായി മുൻകരുതലുകൾ സ്വീകരിക്കേണ്ടതാണ്. കാറ്റിന്റെ വേഗത കൂടിവരുന്നതിനാലും, ബാഷ്പീകരണം കൂടുകയും, വരണ്ട അന്തരീക്ഷസ്ഥിതി തുടരുന്നതിനാലും ആവശ്യഘട്ടങ്ങളിൽ വിളകൾക്ക് നന കൊടുക്കേണ്ടതാണ്. കാറ്റിന് വേഗത കൂടാൻ സാധ്യതയുള്ളതിനാൽ വാഴക്ക് താങ്ങുകാലുകൾ നൽകുക, പച്ചക്കറി പന്തലുകൾ ബലപ്പെടുത്തുക.

| വിളകൾ | രോഗകീടങ്ങൾ | കാർഷിക / മൃഗസംരക്ഷണ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് മുണ്ടകൻ (കതിരു വന്ന പരുവം) | പോളരോഗം | നെല്ലിൽ കാണപ്പെടുന്ന പോളരോഗം നിയന്ത്രിക്കുന്നതിനായി നാല് ഗ്രാം (ട്രൈഫ്ലോക്സിസ്ട്രോബിൻ +ടെബുകൊണാസോൾ) മിശ്രിതം പത്തു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. |
| വാഴ | ഇലതീനിപ്പുഴു | ആക്രമണത്തിന്റെ ആരംഭഘട്ടത്തിൽ പുഴുവിന്റെ ആക്രമണം ബാധിച്ച ഇലകൾ മുട്ട ,പുഴു,പ്യൂപ്പ എന്നിവയോടു കൂടിത്തന്നെ നശിപ്പിച്ചുകളയുക. കൂടാതെ വേപ്പിൻകുരു സത്ത് 5 ശതമാനം വീര്യത്തിൽ തയ്യാറാക്കി തളിച്ചുകൊടുക്കുക. |
| കാബേജ് / കോളിഫ്ലവർ | ഇലതീനിപ്പുഴു | ആക്രമണത്തിന്റെ ആരംഭഘട്ടത്തിൽ പുഴുവിന്റെ ആക്രമണം ബാധിച്ച ഇലകൾ മുട്ട ,പുഴു, പ്യൂപ്പ എന്നിവയോടു കൂടിത്തന്നെ നശിപ്പിച്ചുകളയുക.കൂടാതെ വേപ്പിൻകുരു സത്ത് 5 ശതമാനം വീര്യത്തിൽ തയ്യാറാക്കി തളിച്ചുകൊടുക്കുക. ആക്രമണം രൂക്ഷമാണെങ്കിൽ 2 മി.ലി ഫ്ളുബെന്റാമൈഡ് പത്ത് ലിറ്റർ വെള്ളത്തിൽ എന്ന തോതിലോ അല്ലെങ്കിൽ ക്ലോറാൻട്രാനിലിപ്രോൾ 3 മി.ലി പത്ത് ലിറ്റർ വെള്ളത്തിൽ എന്ന തോതിലോ തളിച്ച് കൊടുക്കേണ്ടതാണ്. |

മൃഗസംരക്ഷണം -: ചെള്ള്, ഈച്ച, കൊതുക്, പേൻ തുടങ്ങിയ ബാഹ്യപരാദങ്ങൾക്കു എതിരെ ജാഗ്രത പുലർത്തുക. തൊഴുത്തിലും മേച്ചിൽ സ്ഥലങ്ങളിലും കുടിക്കാൻ ശുദ്ധജല ലഭ്യത ഉറപ്പു വരുത്തുക. (CAADECCS, KVASU, Mannuthy).